**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 256** **15-02-2024 - ൽ മറുപടിയ്ക്ക്**

**കാരവാൻ ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. ആന്റണി ജോൺ,<br>ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാരവാൻ ടൂറിസം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | കോവിഡാനന്തരം, കേരളത്തിലെ ടൂറിസം മേഖലയിൽ ഒരു കുതിച്ചു ചാട്ടമുണ്ടാക്കുന്നതിനായി നടപ്പിലാക്കിയ നവീന പദ്ധതിയാണ് കാരവാൻ ടൂറിസം. സുരക്ഷിത ടൂറിസം, നവീനമായ ടൂറിസം അനുഭവം എന്നിവ ലക്ഷ്യമാക്കിയാണ് കാരവാൻ ടൂറിസത്തിന് തുടക്കമിട്ടത്. പുരവഞ്ചികൾക്ക് ശേഷം ടൂറിസം വകുപ്പ് പുറത്തിറക്കിയ ഉത്പ്പന്നമാണ് കാരവാൻ. കാരവാൻ പാർക്കുകൾ, ടൂറിസം കാരവാനുകൾ എന്നിങ്ങനെ രണ്ട് ഘടകങ്ങളാണ് പ്രധാനമായും കാരവാൻ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുന്നത്.<br><br>സംസ്ഥാനത്ത് ഇതിനകം 13 കാരവാനുകൾ വിനോദസഞ്ചാരികൾക്കായി സർവീസ് തുടങ്ങുകയും വാഗമണ്ണിൽ ഒരു കാരവാൻ പാർക്ക് കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്. കാസറഗോഡ് ബേക്കലും, എറണാകുളത്ത് ബോൾഗാട്ടി പാലസ് ഹോട്ടലിലും കാരവാൻ പാർക്കുകൾ തുടങ്ങുന്നതിന് കെ.ടി.ഡി.സി ക്ക് അനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരത്ത് പൊന്മുടിയിൽ കാരവാൻ പാർക്ക് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | സംസ്ഥാനത്തെ ആദ്യത്തെ കാരവാൻ ടൂറിസം പദ്ധതി എവിടെയാണെന്നും പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങളും അറിയിക്കാമോ; | (ബി) | വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ ആദ്യമായി രജിസ്റ്റർ ചെയ്ത കാരവാൻ വാഹനം Adrack Engineers & Construction India Private Ltd ന്റേതും ആദ്യമായി തുടങ്ങിയ കാരവാൻ പാർക്ക് സ്വകാര്യ മേഖലയിൽ Adrack ഗ്രൂപ്പിന്റെ വാഗമൺ കാരവാൻ മെഡോസും ആണ്. |
| (സി) | നിലവിൽ എത്ര കാരവാൻ ടൂറിസം പ്രോജക്റ്റുകൾ ടൂറിസം വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം | (സി) | സംസ്ഥാനത്ത് ഇതിനകം 13 കാരവാനുകൾ രജിസ്റ്റർ ചെയ്യുകയും വിനോദസഞ്ചാരികൾക്കായി |

| | | | |
|---|---|---|---|
| | ലഭ്യമാക്കാമോ; | | സർവീസ് തുടങ്ങുകയും ചെയ്തിട്ടുണ്ട്. വാഗമണ്ണിൽ ഒരു കാരവാൻ പാർക്ക് സ്വകാര്യ സംരംഭകരുടെ നേതൃത്വത്തിൽ കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്. കാരവാൻ ടൂറിസത്തിന്റെ ഭാഗമായി 374 സംരംഭകർ കാരവാനുകൾ വാങ്ങുന്നതിനും 115 സംരംഭകർ പാർക്കുകൾ ആരംഭിക്കുന്നതിലേക്കുമായി വിനോദസഞ്ചാര വകുപ്പിന്റെ ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | കാരവാൻ പ്രോജക്ടുകൾ ആരംഭിക്കുന്നതിന് പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; പ്രോജക്ട് ആരംഭിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് വകുപ്പ് ലഭ്യമാക്കുന്നത്; വിശദാംശം അറിയിക്കാമോ? | (ഡി) | കാരവാൻ ടൂറിസം നയം അംഗീകരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 08/10/2021 ലെ സ.ഉ(കൈ)18/2021/TSM നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.<br><br>നിലവിൽ കാരവാൻ വാങ്ങുന്ന ആദ്യ 100 സംരംഭകർക്ക് മുതൽ മുടക്കിന്റെ 15% അല്ലെങ്കിൽ പരമാവധി 7.5 ലക്ഷം രൂപ ഏതാണോ കുറവ് ആയത് ഇൻവെസ്റ്റ്മെന്റ് സബ്സിഡി ആയി നൽകുന്നു. 101 മുതൽ 200 വരെയുള്ള സംരംഭകർക്ക് 5 ലക്ഷം അല്ലെങ്കിൽ മുടക്കുമുതലിന്റെ 10%, 201 മുതൽ 300 വരെയുള്ളവർക്ക് 2.5 ലക്ഷം അല്ലെങ്കിൽ മുടക്കുമുതലിന്റെ 5% ഏതാണോ കുറവ് ആയത് ഇൻവസ്റ്റ്മെന്റ് സബ്സിഡിയായി നൽകുന്നു. കൂടാതെ 24.11.2022 ലെ സ.ഉ(പി) നം.34/2022/Trans ഉത്തരവ് പ്രകാരം ടൂറിസം വകുപ്പുമായി കരാറിലേർപ്പെട്ടിരിക്കുന്ന കാരവാനുകൾക്ക് ത്രൈമാസ നികുതിയിൽ 50% ഇളവ് മോട്ടോർ വാഹന വകുപ്പ് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ